**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരിയായ ശ്രീമതി. ജുവീരിയത്ത് ബായി കെ.ബി യെ ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ നിന്നും പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (ആർ.റ്റി) നം. 97/2017/തസ്വഭവ** **തീയതി, തിരുവനന്തപുരം: 12.01.2017**

---

പരാമർശം : 1. ശ്രീമതി. ജുവീരിയത്ത് ബായിയുടെ 08.06.2015-ലെ അപേക്ഷ.

2. പഞ്ചായത്തു ഡയറക്ടറുടെ 29.04.2016-ലെ ഇ 9-25959/2015 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരിയായ ശ്രീമതി. ജുവീരിയത്ത് ബായി കെ.ബി യെ ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ നിന്നും പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കണമെന്നഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചു.

കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയനായി നിയമനം ലഭിച്ച ശ്രീമതി ജുവീരിയത്ത് ബായി കെ.ബി ഫുൾടൈം കണ്ടിജന്റ് ജീവനക്കാരുടെ ഏകീകൃക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ, ടിയാളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ, ഫുൾടൈം കണ്ടിജന്റ് ജീവനക്കാരിയായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമപ്രകാരം ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയുണ്ടായി. എന്നാൽ കഴിഞ്ഞ 23 വർഷമായി പ്രമേഹ രോഗിയായ ടിയാൾക്ക് ഗ്ലോക്കോമ ബാധിച്ച് വലതുകണ്ണിന്റെ കാഴ്ച പൂർണ്ണമായും, കൂടാതെ ഇടതുകണ്ണിന്റെ കാഴ്ച 30% വും നഷ്ടപ്പെട്ടുവെന്നും ടിയാൾ തിരുവനന്തപുരം കണ്ണാശുപത്രിയിൽ രണ്ടുവർഷത്തിലേറെയായി ചികിൽസയിലാണെന്നും അതിനു പുറമെ രക്ത സമ്മർദ്ദവും മറ്റനുബന്ധ അസുഖങ്ങളുമുണ്ടെന്നും കൂടാതെ താമസസ്ഥലത്തു നിന്നും 25 കിലോമീറ്റർ ദൂരമുള്ള മാന്നാർ ഗ്രാമപഞ്ചായത്തിൽ കാഴ്ചക്കുറവിനാലും ശാരീരികാസ്വാസ്ഥ്യത്തിനാലും ബസ് യാത്രയ്ക്ക് സാധിക്കില്ല എന്നും ആയതിനാൽ ടിയാൾക്ക് ലഭിച്ച പ്രൊമോഷനിൽ നിന്നും ഒഴിവാക്കി തരംതാഴ്ത്തി പാർട്ട് ടൈം ലൈബ്രേറിയനായി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ തന്നെ നിയമനം നൽകണമെന്ന് ടിയാളുടെ അപേക്ഷയിൽ അഭ്യർത്ഥിച്ചു.

സമ്മതപത്രപ്രകാരം ഫുൾടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒരാൾക്ക് തിരികെ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് മാറാൻ നിലവിൽ വ്യവസ്ഥയില്ലെന്നും എന്നാൽ സർക്കാർ അനുമതി നൽകുകയാണെങ്കിൽ ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ നിന്ന് തിരികെ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി നിയമനം നൽകാമെന്നും കൂടാതെ കൃഷ്ണപുരം

(മറുപുറം...)

ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം ലൈബ്രേറിയൻ തസ്തിക ഒഴിവുണ്ടെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശിക്ഷാ നടപടിയുടെ ഭാഗമായോ, ഇപ്പോൾ തുടർന്നു വരുന്ന തസ്തികയിൽ നിലനിർത്തുവാൻ പോസ്റ്റ് ഇല്ലാത്തതിനാലോ മാത്രമേ ഒരു ഉദ്യോഗസ്ഥനെ താഴ്ന്ന തസ്തികയിലേക്ക് തരം താഴ്ത്തുവാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും അപേക്ഷകയുടെ ശാരീരിക അവസ്ഥയും ഈ കേസിലെ സാഹചര്യവും പരിഗണിച്ച് The persons with Disabilities (Equal Opportunities, Protection of Rights and Full participation) Act, 1995 ലെ സെക്ഷൻ 47 പ്രകാരം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിൽ നിലിൽ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരിയായി ജോലി ചെയ്തുവരുന്ന ശ്രീമതി. ജുവീരിയത്ത് ബായി. കെ.ബി യെ ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ നിന്ന് പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി ടിയാളെ പാർട്ട് ടൈം ലൈബ്രേറിയനായി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.
ശ്രീമതി. ജുവീരിയത്ത് ബായി. കെ.ബി, ഫുൾടൈം കണ്ടിജന്റ് സ്റ്റാഫ്, മാന്നാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല (സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത് മുഖേന).
സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.
സെക്രട്ടറി, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/381/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ